(Pages : 4)

**N – 2289**

Reg. No. : ..............................

Name : ..................................

BISHOP MOORE COLLEGE MAVELIKARA KERALA

## Third Semester B.A./B.Sc. Degree Examination, March 2022

## First Degree Programme under CBCSS

## Language Course II — Additional Language I — Malayalam

## ML 1311.1 : ദൃശ്യകലാസാഹിത്യം

## (2018 Admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. രാമനാട്ടത്തിന്റെ ഉപജ്ഞാതാവാര്?

2. കുഞ്ചൻനമ്പ്യാരുടെ പ്രഥമ തുള്ളൽകൃതി എന്ന് കരുതുന്നതേതിനെയാണ്?

3. ഉയരുന്ന യവനിക എന്ന കൃതിയുടെ കർത്താവാര്?

4. നളചരിതം ആട്ടക്കഥയ്ക്ക് ഏ.ആർ. രാജരാജവർമ്മ രചിച്ച വ്യാഖ്യാനമേത്?

5. മലയാളത്തിൽ ഏറ്റവുമധികം വിവർത്തനങ്ങളുണ്ടായ കാളിദാസനാടകം ഏതാണ്?

6. മഹാഭാരതത്തിലെ ഏത് പർവ്വത്തിലാണ് നളകഥ പരാമർശിക്കുന്നത്?

7. കൈരളിയുടെ കഥ എന്ന കൃതി രചിച്ചതാര്?

8. സിനിമയുടെ വ്യാകരണം എന്ന കൃതിയുടെ കർത്താവ്?

P.T.O.

9. എൻ.എൻ. പിള്ള രചിച്ച നാടകപഠനഗ്രന്ഥം ഏത്?

10. 'കടുക്ക' എന്ന നാടകം രചിച്ചതാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'എന്നെച്ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ' സന്ദർഭം വിശദമാക്കുക.

12. ഉപ്പു പിടിച്ച പദാർത്ഥത്തേക്കാൾ
ഉപ്പിനുപുളികുറയും പറയുമ്പോൾ എന്ന് പറയാനുള്ള കാരണമെന്ത്?

13. 'കണ്ടാലറിയാതുള്ള ശഠന്മാർ
കൊണ്ടാലറിയും കളിയല്ലരശാ' - ആര്? എപ്പോൾ പറഞ്ഞു?

14. 'ഇപ്പോൾ നമുക്കു കഥിക്കാം പിന്നെ നിനക്കു ഞാനൊരു കേക്കും വാങ്ങിത്തരാം' - സന്ദർഭം വിശദമാക്കുക.

15. ദുർവ്വാസാവ് ശകുന്തളയെ ശപിക്കാനിടയായ സാഹചര്യമെന്താണ്?

16. "ഇഷ്ടപ്രവാസമതിനാലുളവാമവസ്ഥ
കഷ്ടം! തുലോമബലമാർക്കൊരുതർക്കമില്ല"
സന്ദർഭം വിശദമാക്കുക.

17. ഭർത്തൃഗൃഹത്തിലേക്ക് യാത്രയാകുന്ന ശകുന്തളയ്ക്ക് വൃക്ഷങ്ങൾ എന്തെല്ലാമാണ് നൽകിയത്?

18. പി.എം. താജിന്റെ നാടകപ്രവർത്തനങ്ങളെ കുറിച്ച് ഒരു കുറിപ്പെഴുതുക.

19. 'എന്തൊരു ധർമ്മസങ്കടം. ചത്തിട്ടും ഞങ്ങളെ ഉപദ്രവിക്കുന്നോ ശവമേ' - സന്ദർഭം ഏത്?

20. മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ-
എന്നുതോന്നാനുള്ള കാരണമെന്ത് ?

21. 'യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം' ആർക്ക് ? എന്തുകൊണ്ട് ?

22. സബർമതി ദൂരെയാണ് എന്നതുകൊണ്ട് ശങ്കരപ്പിള്ള അർത്ഥമാക്കുന്നതെന്ത് ?

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഹംസത്തിന്റെ ചിത്രീകരണത്തിൽ ഉണ്ണായി വാര്യർ കാട്ടുന്ന ആഖ്യാന കൗശലം എന്തെന്ന് വിശദമാക്കുക.

24. ദുഷ്യന്തരാജധാനിയിലേക്ക് പോകുന്ന ശകുന്തളയ്ക്ക് കണ്വമഹർഷി നൽകുന്ന ഉപദേശമെന്ത്?

25. ആൾക്കൂട്ടം ബൈസിക്കിൾ തീവ്സിലെ ഒരു പ്രധാന കഥാപാത്രമായി മാറുന്നതെങ്ങനെ?

26. കടം വാങ്ങലിന്റെ പ്രത്യാഘാതം രാവുണ്ണിയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

27. നമ്പ്യാരുടെ സാമൂഹിക പരിഹാസം ഘോഷയാത്രയിൽ പ്രതിഫലിക്കുന്നതെങ്ങനെ?

28. പ്രത്യാശയാണ് ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രത്തിന്റെ അന്തർധാര എന്ന ആശയത്തോടുള്ള പ്രതികരണം വ്യക്തമാക്കുക.

29. നളചരിതഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

30. ഉത്തമദൂതന്റെ ഗുണഗണങ്ങൾ എല്ലാം ചേർന്ന കഥാപാത്രമാണ് ഹംസം. സ്ഥാപിക്കുക.

31. മലയാളനാടകവേദിയിൽ ജി. ശങ്കരപ്പിള്ളയുടെ സ്ഥാനമെന്തെന്ന് വിവരിക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. അഭിജ്ഞാനശാകുന്തളം നാടകത്തിലെ നാടകീയ തീവ്രമായ രംഗമാണ് നാലാമങ്കം എന്ന വസ്തുത ഉദാഹരണസഹിതം വിവരിക്കുക.

33. കേരളീയതയാണ് നമ്പ്യാർ കൃതികളുടെ സവിശേഷത എന്ന വസ്തുത ഘോഷയാത്രയെ മുൻനിർത്തി വിശദമാക്കുക.

34. മലയാള ആട്ടക്കഥകളിൽ നളചരിതത്തിനുള്ള സവിശേഷസ്ഥാനമെന്തെന്ന് വിവരിക്കുക.

35. സാമൂഹികാവസ്ഥകളുടെ ആവിഷ്ക്കാരമായി രാവുണ്ണി, സബർമതി ദൂരെയാണ് എന്നീ നാടകങ്ങൾ മാറുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---